# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1404 — 14.06.2013-ലെ മറുപടിക്ക്

## വിനോദ നികുതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.സണ്ണി ജോസഫ് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| എ) | വിനോദ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി നഗരങ്ങളിലെ സിനിമാ തീയേറ്ററുകളിൽ ഇ-ടിക്കറ്റ് സമ്പ്രദായം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | ബി) & സി) | ഇ-ടിക്കറ്റിങ്ങിലൂടെ ഓരോ ദിവസത്തെയും കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുമെന്നതിനാൽ വിനോദ നികുതി കൃത്യമായി കണക്കാക്കുവാനും വസൂലാക്കുവാനും കഴിയും. നികുതി വെട്ടിപ്പ് പരമാവധി ഒഴിവാക്കുവാനും സാധിക്കുന്നതാണ്. |
| സി) | തീയേറ്ററുകളിൽ നിന്ന് ലഭിക്കേണ്ടുന്ന മുഴുവൻ വിനോദ നികുതിയും കൃത്യമായി പിരിച്ചെടുക്കാനും നികുതി വെട്ടിപ്പ് തടയാനും പ്രസ്തുത സംവിധാനം എത്ര മാത്രം പ്രയോജനപ്രദമാകുമെന്ന് വിശദമാക്കുമോ ; | | |
| ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | ഇ-ടിക്കറ്റിങ് സംവിധാനം ഇതിനകം തന്നെ ചലച്ചിത്ര വികസന കോർപ്പറേഷന്റെ കീഴിൽ വരുന്ന സിനിമ തീയേറ്ററുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് തീയേറ്ററുകളിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ